# വേണം പുനഃസ്ഥാപനം പുഴയോരവനങ്ങൾക്കും



ചാലക്കുടി പുഴയിലെ
ചെറുദ്വീപുകൾ (BRAID BAR)

ഡോ. മഹേഷ് മോഹൻ

ലോകമെമ്പാടുമുള്ള ഏറ്റവും പ്രധാനപ്പെട്ടതും വളരെ വൈവിധ്യപൂർണ്ണവുമായ ആവാസവ്യവസ്ഥയാണ് പുഴയോരക്കാടുകൾ. സമീപത്തുള്ള ഭൂമിയിലെ സസ്യജാലങ്ങളിൽ നിന്ന് അവ പാരിസ്ഥിതികമായി വ്യത്യസ്തമാണ്. ജലനിരപ്പിലെ ഏറ്റക്കുറച്ചിലുകളെ പുഴയോര വനങ്ങൾ കാര്യക്ഷമമായി പ്രതിരോധിക്കുന്നതു കൂടാതെ, പ്രാദേശിക കാലാവസ്ഥയെ സ്വാധീനിക്കുകയും ചെയ്യുന്നു. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട പശ്ചിമഘട്ടത്തിലും പുഴയോരക്കാടുകൾ പാരിസ്ഥിതിക പ്രക്രിയകളെ സ്വാധീനിക്കുന്നു. പശ്ചിമഘട്ടത്തിൽ നദികളുടെ തീരങ്ങളിലും തുരുത്തുകളിലുമാണ് ഇത്തരം ആവാസവ്യവസ്ഥ കാണപ്പെടുന്നത്. ഫലഭൂയിഷ്ഠമായ ഈ തുരുത്തുകൾ ആവാസവ്യവസ്ഥയുടെ വളർച്ചയെ വളരെ അധികം സഹായിക്കുന്നു.

## പശ്ചിമഘട്ടത്തിലെ പുഴയോര ആവാസവ്യവസ്ഥ

വന നശീകരണം, അണക്കെട്ടുകളുടെ നിർമ്മാണം, കൃഷി തുടങ്ങിയ, മനുഷ്യരുടെ ഇടപെടലുകളാണ് പുഴയോര ആവാസവ്യവസ്ഥയ്ക്ക് പ്രധാനമായും ഭീഷണിയാകുന്നത്. കനത്ത മഴ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങി കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാവുന്ന ദുരന്തങ്ങൾ പശ്ചിമഘട്ടത്തിലെ ഈ ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്നു. ഉദാഹരണത്തിന്, 2018 ലെ മഹാപ്രളയത്തിൽ മാത്രം ചാലക്കുടി നദിയുടെ തുരുത്തുകളിലെ പുഴയോരക്കാടുകളുടെ വിസ്തൃതി 50 ശതമാനത്തോളം നഷ്ടപ്പെട്ടു. ഈ ആവാസവ്യവസ്ഥയുടെ നാശം ജന്തുജാലങ്ങളുടെയും സസ്യജാലങ്ങളുടെയും വൈവിധ്യത്തിന് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. പുഴയുടെ ഘടന, ജലലഭ്യത, പ്രാദേശിക കാലാവസ്ഥ തുടങ്ങിയവ കൂടാതെ വിവിധങ്ങളായ വന്യജീവികളുടെയും, മൽസ്യങ്ങളുൾപ്പെടെയുള്ള ജലജീവികളുടെയും നിലനിൽപ്പിനെയും ഇത് ബാധിക്കുന്നു.

വ്യത്യസ്തമായ സാഹചര്യങ്ങളിലൂടെ പരിണാമം കൊണ്ടതാണ് പശ്ചിമഘട്ടവും അതിന്റെ പുഴയോരക്കാടുകളും. അതുകൊണ്ടുതന്നെ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കാനും അവയോടു പൊരുത്തപ്പെടാനും ഈ ആവാസവ്യവസ്ഥയ്ക്ക് കഴിയും. അതിനാൽ അവയുടെ പുനഃസ്ഥാപനം ഏത് ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനത്തെക്കാളും ഫലപ്രദവും സുസ്ഥിരവും കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിതഫലങ്ങളെ ചെറുത്തുനിൽക്കാൻ ശേഷിയുള്ളതുമാണ്. നദീതീരത്തിലെ ജലലഭ്യതയും അന്തരീക്ഷത്തിലെ ആർദ്രതയും മണ്ണിന്റെ ഫലപുഷ്ടിയുമെല്ലാം പുഴയോരക്കാടുകളുടെ പുനഃസ്ഥാപനത്തിന് അനുകൂലഘടകങ്ങളാണ്. കൂടുതൽ പാരിസ്ഥിതികമൂല്യങ്ങൾക്കും സുസ്ഥിരതയ്ക്കും ദീർഘകാലാടിസ്ഥാനത്തിലുള്ള പുനഃസ്ഥാപന പ്രവർത്തനങ്ങൾ ആവശ്യമാണ്. ലോകത്തിന്റെ പലഭാഗങ്ങളിലും വലിയ തോതിലുള്ള പുഴയോര ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പശ്ചിമഘട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

ഭാരതത്തിന്റെ മൊത്തം വന മേഖലയുടെ 35 ശതമാനത്തിലധികവും, പശ്ചിമഘട്ടത്തിലെ നിത്യഹരിത വനത്തിന്റെ 16-18 ശതമാനത്തോളവും കഴിഞ്ഞ നൂറ്റാണ്ടിൽ നഷ്ടപ്പെട്ടു. ഇതിന്റെ ഫലമായി ജൈവവൈവിധ്യത്തിലും കാർബൺ ശേഖരത്തിലും വലിയ നഷ്ടമുണ്ടായി. ഉഷ്ണമേഖലാ പ്രദേശത്തെ പ്രധാന വന പരിസ്ഥിതി വ്യവസ്ഥയായ പശ്ചിമഘട്ടത്തിലെ പുഴയോര ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനം, ജൈവവൈവിധ്യത്തെ മാത്രമല്ല കാർബൺ ശേഖരണത്തിനുള്ള സാധ്യതയും മെച്ചപ്പെടുത്തും.

## പശ്ചിമഘട്ടത്തിലെ പുഴയോര ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനം

പുനഃസ്ഥാപനത്തിനുള്ള സാധ്യതകൾ വിലയിരുത്തുക പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തുക', 'തുടർന്നുള്ള നിരീക്ഷണവും പരിപാലനവും' എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളാണ് പുഴയോര ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനത്തിനുള്ളത്.

ആദ്യഘട്ടത്തിൽ, പുഴയോര ആവാസവ്യവസ്ഥയ്ക്കും നദികൾക്കും ഉണ്ടായിട്ടുള്ള മാറ്റങ്ങളും അതുമൂലം പരിസ്ഥിതിക്കുണ്ടായിട്ടുള്ള വ്യതിയാനങ്ങളും ആശ്രിതസമൂഹം നേരിടുന്ന പ്രശ്നങ്ങളും പഠിക്കുകയും പുനഃസ്ഥാപനത്തിനു സാധ്യതയുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്ത് അവിടെ നട്ടു വളർത്താനായി തദ്ദേശീയ സസ്യങ്ങളെ കണ്ടെത്തി പരിപാലിക്കുകയും ചെയ്യുന്നു.

രണ്ടാമത്തെ ഘട്ടത്തിൽ, നദീതീര ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ടവരുമായി ആദ്യഘട്ടത്തിലെ കണ്ടെത്തലുകളെക്കുറിച്ചും ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനത്തിന്റെ ആവശ്യകതയെക്കുറിച്ചും മറ്റും പറഞ്ഞു മനസ്സിലാക്കുന്നു. ഉദാഹരണത്തിന്, കേരളത്തിലെ പുഴയോരക്കാടുകളുമായി സാധാരണ ബന്ധപ്പെട്ടിരിക്കുന്നത് ഗോത്രവർഗ്ഗക്കാർ, മറ്റുള്ള പ്രദേശവാസികൾ, വനംവകുപ്പിലെ ഉദ്യോഗസ്ഥർ, പ്രാദേശിക സ്വയംഭരണ വകുപ്പുകൾ, ഗവേഷകർ തുടങ്ങിയവർ ആയിരിക്കും. എല്ലാവരുടെയും പങ്കാളിത്തത്തോടെയാവണം (മൾട്ടി -സ്റ്റേക്ക്ഹോൾഡർ) പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തേണ്ടത്. പശ്ചിമഘട്ടത്തിൽ പുഴയോര ആവാസവ്യവസ്ഥ കൂടുതലായി കാണപ്പെടുന്നത് വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളിൽ ആണ്. അതിനാൽ അവയുടെ പുനഃസ്ഥാപനത്തിന് ഗോത്രവർഗ്ഗങ്ങളുടെയും, വനംവകുപ്പിന്റെയും പങ്കാളിത്തം അത്യന്താപേക്ഷിതമാണ്.

പുനഃസ്ഥാപിക്കുന്നതിനുള്ള ഘട്ടംഘട്ടമായുള്ള നടപടി ക്രമങ്ങൾ, തിരഞ്ഞെടുത്ത സസ്യ-വൃക്ഷയിനങ്ങളുടെ വിത്തുകൾ / തൈകൾ ശേഖരിക്കുന്നതു മുതൽ ആരംഭിക്കുന്നു. നഴ്സറികൾ എങ്ങനെ വികസിപ്പിക്കണം എന്നതിനെക്കുറിച്ചുള്ള ശരിയായ പരിശീലനം രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള പങ്കാളിത്ത പുനഃസ്ഥാപന പ്രവർത്തനങ്ങൾ ആശ്രിത സമൂഹത്തിന്റെ ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നു. അത്തരം സമൂഹങ്ങളുടെ തനതായുള്ള അറിവുകൾ കൂടി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതുമാണ്.



പുഴ നടുവിലെ ദ്വീപിലേക്ക് ചങ്ങാടത്തിൽ യാത്ര ചെയ്യുന്ന വനം ഉദ്യോഗസ്ഥർ

ഓരോ സ്ഥലത്തിനും നിർദ്ദിഷ്ടമായ ലോടെക് -നേച്ചർ ബേസ്ഡ് സൊല്യൂഷൻസിൽ (LT-NBS) അധിഷ്ഠിതമായിട്ടാണ് പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തേണ്ടത്. എൽ. ടി-എൻ.ബി.എസ്. സമീപനത്തിന്റെ ഭാഗമായി, നാശം സംഭവിച്ച നദീതീരങ്ങൾ, വെള്ള പ്പൊക്ക സമതലങ്ങൾ, തുരുത്തുകൾ എന്നിവ പുനർനിർമ്മിക്കുന്നതിന് പാറകൾ, ഒഴുകിയെത്തുന്ന തടികൾ എന്നിവയും ഉപയോഗിക്കാവുന്നതാണ്.

സസ്യങ്ങൾ നട്ടുകൊണ്ടുള്ളതും (active), പ്രത്യേകിച്ച് ഒന്നും ചെയ്യാതെ സ്വാഭാവികമായി അതത് പ്രദേശങ്ങളിലുള്ള തൈകൾ വളരാൻ അനുവദിച്ചുകൊണ്ടും (passive) ഉള്ള പുനഃസ്ഥാപന പ്രവർത്തനങ്ങൾ ആണ് പശ്ചിമഘട്ടത്തിനുതകുന്നത്. പറിച്ചുനടാൻ തയ്യാറായ തിരഞ്ഞെടുത്ത ഇനങ്ങൾ, അതായത്, നാശം സംഭവിച്ച സ്ഥലത്തു സ്വയമേ വളരുന്ന സസ്യങ്ങൾ (endurers), നാശത്തെ പ്രതിരോധിച്ച് അവിടെ തന്നെ നിൽക്കുന്ന തൈകൾ (resisters) അനുബന്ധ സസ്യലതാദികൾ എന്നിവ, പുനസ്ഥാപനത്തിനായി തെരഞ്ഞെടുത്ത ഇടങ്ങളിൽ നടണം. പറിച്ചുനട്ട ഇനങ്ങളെ വന്യമൃഗങ്ങളിൽ നിന്നും മറ്റ് ജീവജാലങ്ങളിൽ നിന്നും സംരക്ഷിക്കേണ്ടതുണ്ട്. നനവ്, പരിചരണം എന്നിവ കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിവിധ പങ്കാളികളുടെ സഹായത്തോടെ ചെയ്യേണ്ടതുണ്ട്.

> വ്യത്യസ്തമായ സാഹചര്യങ്ങളിലൂടെ പരിണാമം കൊണ്ടതാണ് പശ്ചിമഘട്ടവും അതിന്റെ പുഴയോരക്കാടുകളും. അതുകൊണ്ടുതന്നെ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കാനും അവയോടു പൊരുത്തപ്പെടാനും ഈ ആവാസവ്യവസ്ഥയ്ക്ക് കഴിയും

പുനഃസ്ഥാപന പരിപാടിയുടെ അവസാനഘട്ടത്തിൽ എല്ലാവരുടെയും സഹായത്തോടെ ദീർഘകാല നിരീക്ഷണം ഏർപ്പെടുത്തുകയും വേണം. കൃത്യമായ ഇടവേളകളിൽ ജൈവവൈവിധ്യത്തിന്റെ അവസ്ഥയും സസ്യങ്ങളുടെ വളർച്ചയും നിരീക്ഷിക്കേണ്ടതുണ്ട്. നശിച്ചു പോയ തൈകൾ മാറ്റി പുതിയവ നടണം. പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ ഭാഗമായി വനംവകുപ്പിന് പുഴയോര ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിദ്യാർത്ഥി സമൂഹത്തിൽ നിന്നും ഗവേഷകരിൽ നിന്നുമുള്ള പിന്തുണ ഉപയോഗപ്പെടുത്താവുന്നതാണ്.

ഈ പദ്ധതിയിൽ, പുനഃസ്ഥാപനത്തിന്റെ വിവിധ ഘട്ടങ്ങൾ, ഈ പരിസ്ഥിതി വ്യവസ്ഥയെ ആശ്രയിച്ച് നിൽക്കുന്നവരെ കേന്ദ്രീകരിച്ചിരിക്കുന്നു. നഴ്സറി വികസനത്തിനും പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കും സാങ്കേതിക -സാമ്പത്തിക സഹായം, വിവിധ പങ്കാളികളുടെ സഹകരണം എന്നിവ പരസ്പരബന്ധിതമാണ്. പുനസ്ഥാപന പരിപാടിയിൽ നിന്ന് ആശ്രിത സമൂഹത്തിന് അവരുടെ ഉപജീവനമാർഗം ലഭിക്കും, പുനഃസ്ഥാപനത്തിനു ശേഷം അവർക്ക് അവരുടെ യഥാർത്ഥ ഉപജീവന മാർഗ്ഗത്തെ ആശ്രയിക്കാനും പുനസ്ഥാപിച്ച ആവാസവ്യവസ്ഥയുടെ പാരിസ്ഥിതിക സേവനങ്ങളിൽ നിന്ന് പ്രയോജനം നേടാനും കഴിയും. കൂടാതെ, ഇക്കോടൂറിസം പ്രോഗ്രാമുകളും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെ നല്ലൊരു വരുമാന മാർഗ്ഗമായിരിക്കും. നിലവിൽ, നിരവധി ഇക്കോടൂറിസം സങ്കേതങ്ങൾ പശ്ചിമഘട്ടത്തിലെ നദികളെയും അനുബന്ധ പരിസ്ഥിതി വ്യവസ്ഥകളെയും കേന്ദ്രീകരിച്ചുള്ളതാണ്. അതിനാൽ, ഈ പ്രദേശത്തിന്റെ മൊത്തത്തിലുള്ള പാരിസ്ഥിതിക വികസനം, പരിസ്ഥിതി ടൂറിസത്തിനുള്ള സാധ്യതകളും അതോടൊപ്പം പ്രാദേശിക ജനതയുടെ ഉപജീവനമാർഗ്ഗങ്ങളും വർദ്ധിപ്പിക്കും. പുനഃസ്ഥാപന ആവശ്യത്തിനായി വികസിപ്പിച്ച നഴ്സറികൾ പദ്ധതി പൂർത്തിയായതിനുശേഷവും അവരുടെ ഉപജീവനത്തിന്റെ ഭാഗമായിരിക്കും. ഇങ്ങനെ രൂപകൽപ്പന ചെയ്ത പുനഃസ്ഥാപന പരിപാടി ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വ്യവസ്ഥകൾ നിറവേറ്റാൻ ഉതകുന്നതാണ്.

## പുനഃസ്ഥാപനത്തിന്റെ പ്രയോജനങ്ങൾ

അന്താരാഷ്ട്രതലത്തിൽത്തന്നെ പ്രധാനപ്പെട്ട ആവാസവ്യവസ്ഥയായ പശ്ചിമഘട്ട മലനിരകളിലെ പുഴയോര ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനം ആഗോളതലത്തിൽ തന്നെ കാർബൺ ശേഖരണം (Carbon sequestration) വർധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്കു സഹായകരമാകും. ഇത് കാലാവസ്ഥാ

വ്യതിയാന ലഘൂകരണത്തിനും ജൈവവൈവിധ്യ സംരക്ഷണത്തിനും പുറമെ മെച്ചപ്പെട്ട ആവാസവ്യവസ്ഥാ സേവനങ്ങൾക്കും സഹായകമാകും.

പശ്ചിമഘട്ടത്തിലെ നദികളിലുടനീളമുള്ള ഡാമുകളുടെ എണ്ണം കണക്കിലെടുത്ത് നദികളുടെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി അവയുടെ പ്രകൃതിദത്ത ഒഴുക്ക് ഉറപ്പാക്കുന്നതിനുള്ള നയങ്ങളും രൂപീകരിക്കണം. ഡാമുകളിലെ ജലവിതാനവും, തദ്ദേശീയ കാലാവസ്ഥയും നിരന്തരം നിരീക്ഷിച്ച് വേണ്ട രീതിയിൽ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾക്കും രൂപം നൽകേണ്ടതുണ്ട്.

പശ്ചിമഘട്ടത്തിലെ പുഴയോര ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദിഷ്ട പദ്ധതി ഈർപ്പം നിറഞ്ഞ ഉഷ്ണമേഖലാ പ്രദേശങ്ങളിലെ സമാന ആവാസവ്യവസ്ഥകൾക്കുള്ള മാതൃകയായി കണക്കാക്കാം. മൾട്ടി -സ്റ്റേക്ക് ഹോൾഡർ സമീപനവും പ്രകൃതിദത്ത പരിഹാരങ്ങളും ഉൾക്കൊള്ളിച്ചുള്ള പുനഃസ്ഥാപന പ്രവർത്തനങ്ങൾ പ്രദേശവാസികളുടെ ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുകയും ഒപ്പം പാരിസ്ഥിതിക സുസ്ഥിരത കൈവരിക്കാൻ സഹായിക്കുകയും ചെയ്യും.

## ചാലക്കുടി പുഴയിലെ ആവാസ വ്യവസ്ഥാ പുനഃസ്ഥാപനം

നമ്മുടെ വികസന പ്രവർത്തനങ്ങളാലും വർദ്ധിച്ചുവരുന്ന കാലാവസ്ഥാ ദുരന്തങ്ങളാലും കേരളത്തിലെ പുഴയോരക്കാടുകൾ അതിവേഗം നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഐക്യരാഷ്ട്ര സംഘടന 2021 മുതൽ 2030 വരെ ഉള്ള കാലഘട്ടം ആവാസവ്യവസ്ഥ പുന:സ്ഥാപിക്കുന്നതിനായി മാറ്റി വച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ പുഴയോരക്കാടുകൾ സംരക്ഷിക്കേണ്ടതും നശിച്ചു പോയവ തിരിച്ചുകൊണ്ടുവരേണ്ടതുമാണ്. കേരളത്തിലെ ഏറ്റവുമധികം ജൈവവൈവിധ്യമുള്ളതും, നദീതടത്തിനുള്ളിലെ ചെറിയ തുരുത്തുകളിൽ പുഴയോരക്കാടുകൾ ഉള്ളതുമായ നദിയാണ് ചാലക്കുടി. എണ്ണപ്പനത്തോട്ടങ്ങളുടെ കടന്നുകയറ്റത്തിനു പുറമെ, 2018 ലെ കാലാവസ്ഥാ ദുരന്തം മൂലമുണ്ടായ വെള്ളപൊക്കവും ഈ പുഴയോരക്കാടുകളുടെ നാശത്തിനു കാരണമായി. ഈ അവസരത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ പരിസ്ഥിതി പഠന വിഭാഗവും ഐക്യരാഷ്ട്ര സംഘടനയും വനം വകുപ്പുമായി ചേർന്ന് ചാലക്കുടി പുഴയിലെ പുഴയോരക്കാടുകളുടെ പുന:സ്ഥാപനത്തെക്കുറിച്ച് പഠിക്കുകയും ആവാസ വ്യവസ്ഥ തിരികെ കൊണ്ട് വരുവാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.



ചാലക്കുടി പുഴ

**(മഹാത്മാഗാന്ധി സർവ്വകലാശാലയിൽ (കോട്ടയം) പരിസ്ഥിതി വിഭാഗത്തിൽ അസി. പ്രൊഫസ്സറാണ് ലേഖകൻ)**




ഡെപ്യൂട്ടി കൺസർവേറ്റർ കെ.എസ്. ദീപ പുനർജ്ജനി തുരുത്തിൽ തൈനടുന്നു

ജൂൺ 5, (2021) പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിൽ പ്രളയം കവർന്നെടുത്ത തുരുത്തുകളിൽ വാഴച്ചാലിന്റെ തനതു പുഴയോര വനം സംരക്ഷിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഐക്യരാഷ്ട്രങ്ങളുടെ വികസന പരിപാടികളുടെ (UNDP) നേതൃത്വത്തിൽ വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ പരിസ്ഥിതി ശാസ്ത്ര പഠന വിഭാഗവും ചേർന്നുകൊണ്ടുള്ള പുതിയ പദ്ധതിയുടെ ഭാഗമായി ചാർപ്പ റെയിഞ്ചിലെ പുനർജ്ജനി തുരുത്തിൽ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ദീപ, വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വിനോദ് എസ്.വി. എന്നിവരുടെ സാന്നിദ്ധ്യത്തിൽ തൈകൾ നട്ട് ഉദ്ഘാടനം ചെയ്തു.